നം. സി.ഇ.ഇ/1515 /2011/കെഇഎഎം-2012/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

# 2012 ലെ മെഡിക്കൽ /എഞ്ചിനീയറിംഗ് പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള നാലാംഘട്ട കേന്ദ്രീകൃത അലോട്ടുമെന്റ്

2012 ലെ കേരള മെഡിക്കൽ /എഞ്ചിനീയറിംഗ് പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള നാലാംഘട്ട അലോട്ടുമെന്റ് നടപടികൾ **18.08.2012** ന് ആരംഭിക്കുന്നതാണ്. ഇതോടനുബന്ധിച്ച് വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും **18.08.2012, 19.08.2012** എന്നീ തിയതികളിൽ **www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്.

**നാലാമത്തെ അലോട്ടുമെന്റ് സ്വകാര്യ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലേയ്ക്കുള്ള അന്തിമ അലോട്ടുമെന്റ് ആണ്. ആയതിനാൽ സ്വകാര്യ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ അലോട്ടുമെന്റ് ലഭിക്കുന്നവർ നിർബന്ധമായും അതത് കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ടതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തിയ ശേഷം നാലാമത്തെ അലോട്ടുമെന്റിൽ സ്വകാര്യ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ അഡ്മിഷൻ എടുക്കാത്തവർക്കും, നാലാമത്തെ അലോട്ടുമെന്റിനു ശേഷം സ്വകാര്യ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ നിന്നും പിരിഞ്ഞു പോകുന്നവർക്കും പ്രോസ്പെക്ടസ് ഖണ്ഡിക 12.2.4 പ്രകാരമുള്ള പിഴ ബാധകമായിരിക്കും. സ്വകാര്യ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയവരുടെ ഹയർ ഓപ്ഷനുകൾ തുടർന്നുള്ള അലോട്ടുമെന്റുകളിൽ പരിഗണിക്കുന്നതല്ല.**

അഡ്മിഷൻ എടുക്കുവാൻ താൽപര്യമില്ലാത്ത കോളേജുകളിൽ അനാവശ്യമായി ഹയർ ഓപ്ഷനുകൾ നിലനിർത്തുന്നവർക്ക് പ്രോസ്പെക്ടസ് ഖണ്ഡിക 12.2.4 (c) പ്രകാരമുള്ള പിഴ ബാധകമായിരിക്കും.

**19.08.2012** വൈകുന്നേരം 5 മണിക്ക് നിലനിൽക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **21.08.2012-**ന് നാലാം ഘട്ട അലോട്ടുമെന്റ് പ്രസിദ്ധീകരിക്കുന്നതാണ്. നാലാംഘട്ട അലോട്ടുമെന്റ് പ്രകാരം അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ടുമെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി ഫീസ് **22.08.2012, 23.08.2012** എന്നീ തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കേണ്ടതാണ്. **SBT** ശാഖകളുടെ ലിസ്റ്റ് വെബ് സൈറ്റിൽ ലഭ്യമാണ്.

നാലാംഘട്ട അലോട്ടുമെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അലോട്ടുമെന്റ് മെമ്മോ, ഡേറ്റാ ഷീറ്റ്, KEAM 2012 പ്രോസ്പെക്ടസ് ഖണ്ഡിക **11.7.1** ൽ പറയുന്ന രേഖകളുടെ അസ്സലും സഹിതം **22.08.2012, 23.08.2012** എന്നീ തീയതികളിൽ അതത് കോളേജ് പ്രിൻസിപ്പലിനു മുമ്പാകെ നേരിട്ട് ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. ഫീസിനത്തിൽ കോളേജിൽ അടയ്ക്കേണ്ട ബാക്കിതുക ഉണ്ടെങ്കിൽ അത് അഡ്മിഷൻ സമയത്ത് കോളേജിൽ ഒടുക്കേണ്ടതാണ്. നാലാംഘട്ട അലോട്ടുമെന്റിൽ ഹയർ ഓപ്ഷൻ ലഭിക്കുന്നവർ നിലവിലുള്ള കോളേജിൽ നിന്നും റ്റി.സി. വാങ്ങിയശേഷം പുതിയ കോളേജുകളിൽ നിർദ്ദിഷ്ട തീയതികളിൽ തന്നെ അഡ്മിഷൻ എടുക്കേണ്ടതാണ്. കോളേജ് പ്രിൻസിപ്പൽമാർ നിർബന്ധമായും അവരെ റ്റി.സിയും അസ്സൽ സർട്ടിഫിക്കറ്റുകളും കോളേജിൽ ഒടുക്കിയ എല്ലാ തുകയും നൽകി വിടുതൽ ചെയ്യേണ്ടതാണ്.

**24.08.2012** വൈകുന്നേരം **5** മണിക്ക് മുമ്പ് ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർ നോൺ ജോയിനിംഗ് റിപ്പോർട്ട് ഓൺലൈനായി രേഖപ്പെടുത്തേണ്ടതും അതിന്റെ പ്രിൻറൗട്ട് എടുത്ത് ഒപ്പ് രേഖപ്പെടുത്തിയതിനുശേഷം ഈ ഓഫീസിലേക്ക് ഫാക്സ് മുഖാന്തിരം അയച്ചു തരേണ്ടതുമാണ്.

**നാലാംഘട്ട അലോട്ടുമെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു:**

| | |
|---|---|
| 18.08.2012 | നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു |
| 19.08.2012 (വൈകുന്നേരം 5 മണി ) | ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു |
| 21.08.2012 | **നാലാംഘട്ട അലോട്ടുമെന്റ്** |
| 22.08.2012 & 23.08.2012 | അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ ഫീസ്/ ബാക്കി ഫീസ് ഒടുക്കണം |
| 22.08.2012 & 23.08.2012 | വിദ്യാർത്ഥികൾ അലോട്ടുമെന്റ് ലഭിച്ച കോളേജിലെ പ്രിൻസിപ്പലിനു മുമ്പാകെ ബന്ധപ്പെട്ട അസ്സൽ രേഖകൾ സഹിതം ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. അതോടൊപ്പം ഫീസിനത്തിൽ കോളേജിൽ ഒടുക്കേണ്ട ബാക്കി തുക ഉണ്ടെങ്കിൽ അതും കോളേജിൽ ഒടുക്കേണ്ടതാണ്. |
| 24.08.2012 (വൈകുന്നേരം 5 മണിക്കു മുമ്പ് ) | കോളേജ് പ്രിൻസിപ്പൽമാർ നോൺ ജോയിനിംഗ് റിപ്പോർട്ട് പ്രവേശന പരീക്ഷ കമ്മീഷണർക്കു ഓൺലൈനായും അതിന്റെ ഒപ്പ് രേഖപ്പെടുത്തിയ പ്രിന്റൗട്ട് ഫാക്സ് മുഖാന്തിരവും നൽകണം. |

**നിർദ്ദിഷ്ട തിയതികളിൽ മറ്റു കോളേജുകളിൽ ഹാജരായി അഡ്മിഷൻ എടുക്കാത്ത വിദ്യാർത്ഥികളുടെ അലോട്ടുമെന്റും ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. അവരെ തുടർന്നുള്ള അലോട്ടുമെന്റുകൾക്ക് പരിഗണിക്കുന്നതല്ല.**

കൂടുതൽ വിവരങ്ങൾക്ക് **0471 2339101, 2339102, 2339103, 2339104** എന്നീ ഹെൽപ്പ് ലൈൻ നമ്പരുകളിലും **155300, 0471-2115054, 2115098, 2335523** എന്നീ സിറ്റിസൺ കാൾസെന്റർ നമ്പരുകളിലും ബന്ധപ്പെടാവുന്നതാണ്.



തിരുവനന്തപുരം

16.08.2012

**പ്രവേശന പരീക്ഷാ കമ്മീഷണർ**